**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**
**ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിഭാഗം**
**ഹൗസിംഗ്ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം – 1**
**Ph 0471 2325323, e-mail:dirvhse.dge@kerala.gov.in**

File No. C3/1810/2023 തീയ്യതി: 04/07/2023

# <u>പത്രക്കുറിപ്പ്</u>

**ഹയർസെക്കണ്ടറി (വൊക്കേഷണൽ) ഒന്നാം വർഷ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോഴ്സ് മാറ്റത്തിനുള്ള ട്രാൻസ്ഫർ അപേക്ഷ ജൂലൈ 6, 7 തീയ്യതികളിൽ**

ഹയർസെക്കണ്ടറി (വൊക്കേഷണൽ) ഒന്നാം വർഷ ഏകജാലക പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിൽ സ്ഥിര പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോഴ്സ് മാറ്റത്തിനുള്ള ട്രാൻസ്ഫർ അപേക്ഷ ജൂലൈ 6 മുതൽ 7 വൈകുന്നേരം 4.00 മണി വരെ സമർപ്പിക്കാവുന്നതാണ്. ട്രാൻസ്ഫർ അപേക്ഷ സമർപ്പിക്കുമ്പോൾ ഒരു സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലെ ഏതെങ്കിലും കോഴ്സിലേക്കോ, അതേ സ്കൂളിലെ തന്നെ മറ്റൊരു കോഴ്സ് മാറ്റത്തിനോ അപേക്ഷിക്കാവുന്നതാണ്.

www.admission.dge.kerala.gov.in എന്ന വെബ്സൈറ്റിൽ മുഖ്യ അലോട്ട്മെന്റിനായി അപേക്ഷിച്ചപ്പോൾ ഉപയോഗിച്ച യൂസർഐഡിയും (ഫോൺനമ്പർ), പാസ്സ്വേർഡും നൽകി കാൻഡിഡേറ്റ് ലോഗിൻ ചെയ്ത് ആവശ്യമായ ഓപ്ഷനുകൾ ചേർത്ത് അപേക്ഷ കൺഫേം ചെയ്യണം. അപ്പോൾ ലഭിക്കുന്ന pdf രൂപത്തിലുള്ള അപേക്ഷയുടെ പ്രിന്റൗട്ട് അപേക്ഷകനും രക്ഷാകർത്താവും ഒപ്പ് വെച്ച് നിലവിൽ പ്രവേശനം നേടിയ സ്കൂളിലെ പ്രിൻസിപ്പലിന് സമർപ്പിക്കണം. ട്രാൻസ്ഫർ അപേക്ഷ സമർപ്പിച്ച്, ട്രാൻസ്ഫർ അലോട്ട്മെന്റ് കിട്ടിയാൽ നിർബന്ധമായും വിദ്യാർത്ഥി ട്രാൻസ്ഫർ ലഭിച്ച സ്കൂളിൽ/കോഴ്സിൽ പ്രവേശനം നേടേണ്ടതാണ്.

Sd/-

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**